# പ്രക്ഷോഭണമദ്ധ്യേ ശബരിമല

വാസുദേവ് പുളിക്കൽ

ധനുമാസരാവും തിരുവാതിരകളിയും
അത്തപ്പൂക്കളങ്ങളും തുമ്പക്കുടങ്ങളും
ഓണസദ്യയും ഊഞ്ഞാലാട്ടവും
കാവടിയാട്ടവും അഗ്നിയിൽ തുള്ളലും
ആചാരങ്ങളെ തലോലിക്കും ഞാൻ
ആചാരങ്ങൾക്കൊരടിമയല്ലൊരിക്കലും.

വരൂ നിങ്ങൾക്കിനിയെന്നെ കാണണമെങ്കിൽ
ഘോരവനത്തിലേക്കെന്നരുളി മറഞ്ഞയ്യപ്പൻ.
അയ്യപ്പൻ തൻ സിംഹാസനം തേടിപ്പോയ
പന്തളരാജപരിവാരങ്ങളിലാണുങ്ങൾ മാത്രം.
സ്ത്രീകളബലയെന്നോതോയിതിനു കാരണം?
പതിനെട്ടു മലകളാലലംകൃതമാം പൂങ്കാവനത്തിൽ
വാഴുന്നോരയ്യപ്പസ്വാമി തൻ ദർശനത്തിനായ്
യാത്ര തുടർന്നയ്യപ്പന്മാർ മണ്ഡലം തോറും.
വൃതമനുഷ്ഠിക്കണം നാൽപ്പതു ദിവസമെന്ന-
യാചരത്തിൽ തിരസ്കൃതരായാർത്തവമുള്ളവർ.

വൈദ്യശാസ്ത്രം ഭഗവാൻെറ മനസ്സളക്കാനെങ്കിൽ
വൈദ്യശാസ്ത്രത്തിനു വേണമൊരു പുതുനിർവ്വചനം.
ആചാരങ്ങളെ ലംഘിക്കും സ്ത്രീകളുടെ ഗർഭാശയം
നശിപ്പിച്ചാനന്ദിക്കും ഭഗവാൻ നിർദ്ദയമെന്നൊരു
ദുഷ്പ്രചരണത്തിനായ് കച്ച കെട്ടിയവരും
വോട്ടിനായ് നയം മാറ്റിയ രാഷ്ട്രീയപ്പാർട്ടിയും
സ്വയം താഴ്ന്നു പോകും കാഴ്ചയെത്ര ദയനീയം.
വിശ്വമാനവികതയുടെ പ്രതീകമാം ഭഗവാൻ
സ്തീകളെയുപദ്രവിക്കുമെന്ന വികലമാം ചിന്ത
മുളയിലെ നുള്ളണമർഹിക്കും പുച്ഛത്തോടെ.

ആർത്തവ രക്തം അശുദ്ധമാക്കുമെൻ ശരീരം
തീണ്ടാരിയാകവെ ഞാനകന്നു നിൽക്കുമതിനാൽ.
ഭക്തയായ് സർവ്വവും ഭഗവാനിലർപ്പിക്കും ഞാൻ
മലിനമാക്കുമോ ദിവ്യമാം ഭഗവത് സന്നിധി?
ഭഗവാനെൻ മാസ്സിൽ പരിലസിക്കുമ്പോൾ
സ്വന്തം കണ്ണിലെ കരടുകാണാൻ വിസമ്മതിക്കും.
ദുഷ്ഠരാം ബാഹ്യശക്തി തൻ സ്വാധീനത്തിൽ
നിയമം പറഞ്ഞതും പറയാത്തതുമെനിക്കു സമം.
ആയിരമായിരമുണ്ട് സോദരിമാരെന്നെ പോൽ
നിൽക്കും ഞങ്ങൾ തോളോടു തോൾ ചേർന്ന്
ഭഗവാൻെറ മഹത്വത്തിൻ പുകഴ്ത്തു പാട്ടുമായ്
വരില്ല ഞങ്ങൾ പവിത്രമാം ദേവസന്നിധിയിൽ
ആർത്തവ രക്തത്തിൻ ഗന്ധം പരത്താൻ
വിശ്വാസമർപ്പിക്കൂ, ഭഗവത്കീർത്തനം
മുടങ്ങാതെ ചൊല്ലുമീ സോദരിമാരിൽ.

ശബരിമലയിലേക്ക് കുതിക്കും വനിതകൾ
പോകണം വാവരമ്പലത്തിനകത്തു കേറാതെ.
സ്ത്രീപ്രവേശന വിലക്കുണ്ടല്ലൊ മദ്രസകളിലും.
ശബ്ദമുയർത്തുമോ വനിതകളിതിനെതിരെ?
വിധിയവർക്കനുകൂലമായാൽ മാറും പ്രതികരണം
വടിവാൾ ചുഴറ്റി വരും ജനക്കൂട്ടത്തെയോർത്ത്
വേപഥുപൂണ്ട് വഴിമാറി കണ്ണടച്ചേക്കാം നിയമം.

ആചാരങ്ങളെത്ര മൺ മറഞ്ഞു പോയ്
കാലത്തിനൊത്ത് മനസ്സു പാകമാക്കാതെ
ഹൈന്ദവ സമൂഹത്തിൻ ശക്തി കാണിച്ചും
നിഷ്ക്കളങ്കരാം ഭക്തർ തൻ മനസ്സിളക്കിയും
എന്തിനൊരുക്കുന്നു പ്രക്ഷോഭണമീ നേതാക്കന്മാർ?
വിശ്വാസാചരണ സംരക്ഷണമെന്ന പുകമറയിൽ
സവർണ്ണ മേധാവിത്വത്തിൻ ചുവടുറപ്പിക്കാനോ?